LIBRARY ARCHIVES Kerala Legislative Assembly

ഇതിനായി തുകയൊന്നും വകയിരുത്തിയിരുന്നില്ല. സംസ്ഥാന സർക്കാർ ഇതിന്മേൽ നടപടികൾ ആരംഭിച്ചു. ഉറുദു കേരളത്തിൽ അദ്ധ്യയന മാധ്യമമായി സ്വീകരിച്ചിട്ടില്ലാത്തതുകൊണ്ട് മുസ്ലീം ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിൽ ഇംഗ്ലീഷ്/മലയാളം മാധ്യമങ്ങളിൽ ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിനുള്ള അംഗീകാരം നൽകണമെന്ന് കേന്ദ്രത്തോട് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടുകയുണ്ടായി. അതേ സമയം ഓരോ ഐ.ടി.ഐ.-ക്കും ആവശ്യമായ 10 ഏക്കർ സ്ഥലം കണ്ടെത്തുന്നതിനുവേണ്ടി ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ചുകൂട്ടുകയുണ്ടായി. ജനസാന്ദ്രത ഏറെയുള്ള കേരളത്തിൽ ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിന് 10 ഏക്കർ വീതം സ്ഥലം വേണമെന്ന നിബന്ധന ഇളവു ചെയ്യണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

പുതിയ കേന്ദ്ര ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 1-7-2009-ൽ കേന്ദ്ര തൊഴിൽ മന്ത്രിക്ക് സംസ്ഥാന സർക്കാർ കത്തയയ്ക്കുകയും അതിന് അദ്ദേഹം 21-10-2009-ന് മറുപടി നൽകുകയും ചെയ്തു. സംസ്ഥാനത്തിന് സ്വീകാര്യമായ മാധ്യമത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ ഐ.ടി.ഐ.-കൾ ആരംഭിക്കാവുന്നതാണെന്ന് അദ്ദേഹം മറുപടി നൽകി. അതേ സമയം ഇതിനായി തുകയൊന്നും വകയിരുത്തിയിരുന്നില്ല. പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സാമ്പത്തിക സഹായത്തിനായി പ്ലാനിംഗ് കമ്മീഷന് സമർപ്പിക്കാവുന്നതാണെന്നും കേന്ദ്ര തൊഴിൽ മന്ത്രാലയം ഇക്കാര്യത്തിൽ ആവശ്യമായ പിന്തുണ നൽകാമെന്നും കേന്ദ്ര തൊഴിൽ മന്ത്രി കേരള സർക്കാരിന് അയച്ച മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശപ്രകാരം ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിനുള്ള 68.90 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര പ്ലാനിംഗ് കമ്മീഷനിൽ സംസ്ഥാന ട്രെയിനിംഗ് ഡയറക്ടർ 21-4-2010-ൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ മറുപടിയൊന്നും ലഭിച്ചിട്ടില്ല. തുടർന്നു നടന്ന സംസ്ഥാനത്തു നിന്നുള്ള എം.പി.-മാരുടെ കോൺഫറൻസിൽ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്ന കാര്യം ഉൾപ്പെടുത്തുകയും പ്രസ്തുത പ്രൊപ്പോസലിന് അനുമതി നൽകാൻ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 2011-12 ബഡ്ജറ്റ് പ്രകാരം 10 ഐ.ടി.ഐ.-കൾ പ്രഖ്യാപിച്ചതടക്കം 48 ഐ.ടി.ഐ. അനുവദിച്ചിട്ടുണ്ട്.

മാള ഗവൺമെന്റ് ഐ.ടി.ഐ.യിൽ പുതിയ ബ്ലോക്കിന്റെ നിർമ്മാണം

81 (1044) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പുതിയ ബ്ലോക്കിന്റെ നിർമ്മാണം ഏതുവരെയായിയെന്ന് വ്യക്തമാക്കുമോ ;

(ബി) നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കി അതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) മാള ഗവൺമെന്റ് ഐ.ടി.ഐ.-യിലെ രണ്ടാം നിലയിലെ പുതിയ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിച്ച നിർമ്മാണ ജോലികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പി.ഡബ്ല്യു.ഡി. നിർമ്മാണം പൂർത്തിയാക്കി കെട്ടിടം കൈമാറ്റം ചെയ്യുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ ഐ.ടി.ഐ. തുടങ്ങുന്നതിന് നടപടി

82 (1045) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഐ.ടി.ഐ. തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 2011-12 സാമ്പത്തിക വർഷം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഐ.ടി.ഐ.-കളിൽ വടക്കാഞ്ചേരിയും ഉൾപ്പെടുന്നു.

ചാത്തന്നൂർ സർക്കാർ ഐ.ടി.ഐ.യിൽ പി.പി.പി. സ്കീം പ്രകാരം പുതിയ കോഴ്സുകൾ

83 (1046) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ സർക്കാർ ഐ.ടി.ഐ.യിൽ പി.പി.പി. സ്കീം പ്രകാരം എത്ര പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത കോഴ്സുകൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(സി) പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ ; ഉണ്ടെങ്കിൽ അത് നീക്കം ചെയ്യുന്നതിന് എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ചാത്തന്നൂർ ഐ.ടി.ഐ.-യിൽ പി.പി.പി. സ്കീം പ്രകാരം സർവ്വേയർ, ഫിറ്റർ, കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ്, വെൽഡർ (ഗ്യാസ് ആന്റ് ഇലക്ട്രിക്) എന്നീ നാലു പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് കോഴ്സ് ഒഴികെയുള്ളവ ഈ വർഷം തന്നെ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് കോഴ്സിന് പകരം കൂടുതൽ ജോലി സാധ്യതയുള്ള മെക്കാനിക് മോട്ടോർ വെഹിക്കിൾ കോഴ്സ് ഉൾപ്പെടുത്തി ഇൻസ്റ്റിറ്റ്യൂട്ട് ഡവലപ്മെന്റ് പ്ലാൻ റിവൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly